പുറത്തെഴുത്ത് കത്ത് നമ്പർ ബി1/23750/2018 തിയ്യതി 24/11/2018

പകർപ്പ്

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേയ്ക്കായി ഈ സർക്കുലറിൽ പറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ പ്രധാനാദ്ധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടർക്ക് വേണ്ടി
പാലക്കാട്.

എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

23750

നം.എം.4/47897/2018/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
തിരുവനന്തപുരം, തീയതി: 22.10.2018.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - വിജിലൻസ് - സ്കൂളുകളിൽ എൻ.എ.പി.റ്റി എന്ന സ്ഥാപനത്തിൽ നിന്നും പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് എന്ന പേരിൽ തട്ടിപ്പ് നടത്തുന്നതായുള്ള പരാതി - സംബന്ധിച്ച്:

സൂചന : 1) 07.12.2017-ലെ വി.എ.(1)87463/17/ഡി.പി.ഐ നമ്പർ അനൗദ്യോഗിക കുറിപ്പ്.

2) കേരളാ സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 18.11.2017-ലെ സി.ആർ.എം.പി. നം.11133/10/എൽ.എ.2/2017 കെ.ഇ.എസ്.സി.പി.സി.ആർ. നോട്ടീസ്.

*****

B1

പുസ്തകം, മാജിക് ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവയുടെ വിൽപനക്കാർ, റിക്രൂട്ടിംഗ് ഏജൻസികൾ തുടങ്ങി സ്കൂളുമായി ഒരു ബന്ധവും ഇല്ലാത്ത വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും കച്ചവടം നടത്തുന്നതിനും കുട്ടികളെ ക്യാൻവാസ് ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ക്ലാസ് മുറികളിൽ പ്രവേശനം നൽകുന്ന രീതി ചില സ്കൂളുകളിൽ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാക്കുവാനും കുട്ടികളിൽ ആശയക്കുഴപ്പം ഉണ്ടാക്കുവാനും ഇടയാകുന്നു. ഈ രീതിയിൽ ക്ലാസ്മുറികളിലും സ്കൂൾ പരിസരത്തും പുറത്തുനിന്നുള്ള വ്യക്തികളെ പ്രവേശിപ്പിക്കുന്നതിനും അംഗീകാരമില്ലാത്ത പുസ്തകങ്ങളും മറ്റും കുട്ടികളുടെ കൈകളിൽ എത്തിക്കുന്നതിനും സ്വകാര്യ പരിശീലന കേന്ദ്രങ്ങളുടെ ഏജൻസികൾ ഇടയാക്കുമെന്നും ശ്രദ്ധയിൽപ്പെട്ടു. ഈ സാഹചര്യത്തിൽ മേലധികാരികളുടെ അനുവാദമില്ലാതെ പുറത്തുനിന്നുള്ള വ്യക്തികൾ സ്കൂളുകളിൽ കച്ചവടം നടത്തുന്നതിനോ മറ്റ് പരസ്യപ്രചാരണം നടത്തുന്നതിനോ അവസരം നൽകരുതെന്ന് എല്ലാ പ്രഥമാദ്ധ്യാപകർക്കും നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

ജിമ്മി കെ. ജോസ്
പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ
(അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തരം)

വി.ബി.

647
Gmail print
13/11/18